Draft #8 of File 107391/AC A7-3/2024/General Ta Approved by ASSISTANT REGISTRAR I (ACADEMIC) on 13-Oct-2026 04:05 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജ് -ശബരി ദുർഗ്ഗ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ,കുളത്തൂർ ,പത്തനംതിട്ട - 2023-'24 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 9026/AC A 7/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.10.2026

---

*പരാമർശം:*-1. പത്തനംതിട്ട ,ശബരി ദുർഗ്ഗാ കോളേജ് ഓഫ് ആർട്സ് & സയൻസ് കോളേജ് സ്ഥിരമായി നിർത്തലാക്കുന്നതിനുള്ള ,തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ 12.08.2024 തീയതിയിലെ നടപടി ഉത്തരവ് .

2. സർവകലാശാല ഉത്തരവ് നമ്പർ 11174/ AC A7/2024/എം ജി യൂ ,തീയതി 10.12.2024.

3. പരിശോധന സമിതി റിപ്പോർട്ട് .

4. 08.09.2026 ലെ സിൻഡിക്കേറ്റ് യോഗ തീരുമാനം മിനുട്സ് ഇനം നമ്പർ 2/26.09/107391/AC A7-3/2024/General Ta.

**<u>ഉത്തരവ്</u>**

സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരുന്ന സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ പത്തനംതിട്ട, ശബരി ദുർഗ്ഗാ കോളേജ് ഓഫ് ആർട്സ് & സയൻസ് കോളേജ് സ്ഥിരമായി നിർത്തലാക്കുന്നതിനായി, പ്രസ്തുത കോളേജിന്റെ വിദ്യാഭ്യാസ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം, മതിയായ ഫീസ് ഒടുക്കി പരാമർശം (1) നടപടി ഉത്തരവ് പ്രകാരം, അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത അപേക്ഷയിന്മേൽ പരിശോധന സമിതിയെ നിയമിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, ടി പരിശോധന സമിതി പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, ടി കോളേജിൽ 2021-22 അധ്യയന വർഷത്തിലെ അവസാന ബാച്ച് വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി, 2023 മാർച്ചിൽ അവസാന സർവകലാശാല പരീക്ഷ എഴുതിയിട്ടുണ്ടെന്നും അതിനുശേഷം കോളേജ് രണ്ട് സപ്ലിമെൻ്ററി പരീക്ഷകളുടെ പരീക്ഷാകേന്ദ്രമായി പ്രവർത്തിച്ചിരുന്നതായും പിന്നീട് പരീക്ഷാ കേന്ദ്രം റദ്ദാക്കുന്നതിനായി പരീക്ഷാ കൺട്രോളർക്ക് അപേക്ഷ സമർപ്പിക്കുകയും അതനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും പൂർവ്വ വിദ്യാർത്ഥികൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കോളേജ് ഓഫീസ് രണ്ട് വർഷക്കാലം കൂടി പ്രവർത്തിപ്പിച്ചതായും, നിലവിലും

ആവശ്യമായ ഔദ്യോഗിക സഹായങ്ങൾ ടെലിഫോൺ മുഖേന ലഭ്യമാക്കുന്നുണ്ടെന്നും അറിയിക്കുകയും , കൂടാതെ സർവകലാശാലയോട് കോളേജിന് യാതൊരു സാമ്പത്തിക ബാധ്യതയോ ഫീസ് കുടിശ്ശികയോ ഇല്ലെന്നും രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടതായും അധ്യാപക- അനധ്യാപക ജീവനക്കാരെ മാനേജെൻ്റ് നിയമാനുസൃതമായി റിലീവ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുകയും ചെയ്തതിനാൽ കോളേജ് സ്ഥിരമായി നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു .

പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, 08.09.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം,പരാമർശം (4) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന തീരുമാനം എടുത്തു.

"ശബരി ദുർഗ്ഗാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കുളത്തൂർ, പത്തനംതിട്ട, 2023-24 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധന സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, നടപ്പിലാക്കുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലക്ഷ്മി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) തിരുവിതാംകൂർ ദേവസ്വം ബോർഡ് , തിരുവനന്തപുരം.
2) വൈസ് ചാൻസലറുടെ പി.എസ്,
3) രജിസ്ട്രാർ, എഫ്.ഒ, സി.ഇ എന്നിവരുടെ പി.എ-മാർ,
4) ജെ.ആർ 2(ഭരണം), ഡി.ആർ1/എ.ആർ1(അക്കാദമിക വിഭാഗം)
5) എ.സി.സി 1, 2, ഐ.ടി. സെൽ 2, യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6) റെക്കോർഡ്സ് സെക്ഷൻ,
7) എ.സി.ബി.6, പി.ആർ.ഒ, എൻക്വയറി,
8) ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

The document is digitally approved. Hence signature is not needed.

Draft #8 of File 107391/AC A7-3/2024/General Ta Approved by ASSISTANT REGISTRAR I (ACADEMIC) on 13-Oct-2026 04:05 PM - Page 2